ബി1-21102/17

ചീഫ് രജിസ്ട്രാറുടെ കാര്യാലയം (ജനന-മരണം), കേരളം
പഞ്ചായത്ത് ഡയറക്ടറേറ്റ്
തിരുവനന്തപുരം-695 033
തീയതി :04.08.2017

# സർക്കുലർ

വിഷയം: വിവാഹ രജിസ്ട്രേഷൻ (പൊതു)ചട്ടങ്ങൾ 2008-വിവാഹ രജിസ്ട്രേഷൻ ചെയ്യുന്നതിന് ജാതി/മത സാക്ഷ്യപത്രം ആവശ്യപ്പെട്ട് അനാവശ്യമായി വിവാഹ രജിസ്ട്രേഷൻ വൈകിപ്പിക്കുന്നത് -സംബന്ധിച്ച്

സൂചന: 1)ബഹു:കേരള സർക്കാരിന്റെ 07.06.17 ലെ തസ്വഭവ-അർസി3/47/2017 നമ്പർ കത്ത്
2)ചീഫ് രജിസ്ട്രാറുടെ 10.05.2017 ലെ ബി1/15343/17 നമ്പർ സർക്കുലർ
3)പഞ്ചായത്ത് ഡയറക്ടറുടെ 10.05.2017 ലെ ബി1/15343/17 നമ്പർ സർക്കുലർ.

2008-കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ(പൊതു)ചട്ടങ്ങൾ പ്രകാരം വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് തദ്ദേശ രജിസ്ട്രാർമാർ കക്ഷികളുടെ ജാതി/മതം എന്നിവ തെളിയിക്കുന്നതിന് ആവശ്യമായ രേഖകൾ ആവശ്യപ്പെടുന്നത് വഴി വിവാഹ രജിസ്ട്രേഷൻ നടപടികൾ വൈകിപ്പിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവാഹ രജിസ്ട്രേഷനായി ജാതിയോ സമുദായമോ തെളിയിക്കുന്ന രേഖകൾ ആവശ്യപ്പെടാൻ തദ്ദേശ രജിസ്ട്രാർക്ക് ബന്ധപ്പെട്ട ചട്ടങ്ങളിൽ അധികാരം നൽകുന്നില്ല എന്നിരിക്കെ ഇത്തരത്തിലുള്ള നടപടികൾ തെറ്റാണെന്ന് കാണുന്നു.

ഇത്തരത്തിലുള്ള നടപടികൾ മേലിൽ ഒഴിവാക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടില്ലാത്ത രേഖകൾ ആവശ്യപ്പെട്ടും മറ്റും വിവാഹ രജിസ്ട്രേഷൻ വൈകിപ്പിക്കുന്ന സാഹചര്യം ഉണ്ടാവാതിരിക്കാൻ ലോക്കൽ രജിസ്ട്രാർമാർക്ക് നിർദ്ദേശം നൽകാൻ സൂചന (1) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ് .ആയതിനാൽ എല്ലാ ജനന മരണ വിവാഹ രജിസ്ട്രാർമാരും മേൽ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ് എന്നും സൂചന (2),(3)സർക്കുലറുകളുടെ അനുബന്ധമായി ചേർത്തിട്ടുള്ള ചെക്ക് ലിസ്റ്റ് പ്രകാരമുള്ള രേഖകൾ മാത്രമേ ആവശ്യപ്പെടാൻ പാടുള്ളൂ എന്നും ഇതിനാൽ നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ
(ഒപ്പ്)
എം.എസ്.നാരായണൻ നമ്പൂതിരി
ചീഫ് രജിസ്ട്രാർ(ഇൻ ചാർജ്ജ്)

പകർപ്പ്:
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
എല്ലാ ജനന മരണ രജിസ്ട്രാർമാർക്കും/സബ്ബ് രജിസ്ട്രാർമാർക്കും
എല്ലാ നഗരസഭ രജിസ്ട്രാർമാർക്കും/സെക്രട്ടറിമാർക്കും
പബ്ലിസിറ്റി ആഫീസർ
കരുതൽ/അധികം

ആജ്ഞാനുസരണം
സൂപ്രണ്ട്